(ബി&സി) 13-2-2015 -ലെ സർക്കാർ ഉത്തരവ് നമ്പർ 24/15/കാ.യു.വ. പ്രകാരം ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി സംസ്ഥാന കായികനയ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

1. ഡോ.ജി.എസ്. അയ്യങ്കാർ - ചെയർമാൻ
ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ മന്ത്രാലയം,
കേന്ദ്രസർക്കാർ & വൈസ് ചാൻസിലർ (i/c)
എൽ.എൻ.യു.പി.ഇ, ഗ്വാളിയർ.

2. പത്മശ്രീ പി.ടി. ഉഷ - മെമ്പർ

3. ഡോ.ദലീൽ സിംഗ് ചൗഹാൻ - മെമ്പർ
അർജ്ജുന അവാർഡ് ജേതാവ്,
ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ &സ്പോർട്ട്സ്,
കുരുക്ഷേത്ര യൂണിവേഴ്സിറ്റി, ഹരിയാന.

4. ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്, സെക്രട്ടറി,
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - കൺവീനർ

കൂടാതെ 9-3-2015 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 37/15/കാ.യു.വ. പ്രകാരം ഷൂട്ടിംഗ് പരിശീലകൻ ശ്രീ. സണ്ണി തോമസിനെ കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന കായികനയ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

കായിക മേഖലയിലെ പദ്ധതികൾ

256.(1961) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കായിക മേഖലയ്ക്കായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിരുന്നു ; ഇതിൽ എത്ര തുക ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിലും, ബഡ്ജറ്റ് പ്രസംഗത്തിലുമായി താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു :

1. കായികവികസനനിധി
2. കായികവികസനത്തിനായുള്ള പ്രചരണം.
3. വിവിധോദ്ദേശ്യ കളിസ്ഥലങ്ങളുടെ നിർമ്മാണം.
4. കായികവികസനത്തിനായുള്ള 'പ്രത്യേക പദ്ധതികൾ'
5. കമ്മ്യൂണിറ്റി സ്പോർട്ട്സ്
6. സ്പോർട്ട്സിന് അടിസ്ഥാന സൗകര്യങ്ങൾ
7. നാഷണൽ ഗെയിംസ്
8. കേരളാ സ്പോർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട്.
9. വലിയതുറയിൽ സിന്തറ്റിക് ട്രാക്കോടുകൂടിയ സ്റ്റേഡിയം.
10. കൈപ്പറമ്പ് സ്പോർട്ട്സ് കോംപ്ലക്സ്.
11. അരീക്കോട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ടർഫ്.
12. കളമശ്ശേരിയിൽ സ്പോർട്ട്സ് കോംപ്ലക്സ്
13. പാലക്കാട് ജില്ലയിൽ ഒരു സിന്തറ്റിക് ട്രാക്ക്
14. കോതമംഗലം ചേലാട് പോളിടെക്നിക്കിൽ നിർമ്മാണത്തിലിരിക്കുന്ന സ്പോർട്ട്സ് കോംപ്ലക്സിന് ധനസഹായം.

(ബി) ചുവടെ പറയുന്ന പദ്ധതികൾ 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനായില്ല :

1. വിവിധോദ്ദേശ്യ കളിസ്ഥലങ്ങളുടെ നിർമ്മാണം
2. കമ്മ്യൂണിറ്റി സ്പോർട്ട്സ്
3. സ്പോർട്ട്സിന് അടിസ്ഥാന സൗകര്യങ്ങൾ

4. കായികവികസനനിധി

5. വലിയതുറയിൽ സിന്തറ്റിക് ട്രാക്കോടുകൂടിയ സ്റ്റേഡിയം

6. അരീക്കോട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ടർഫ്

7. കളമശ്ശേരിയിൽ സ്പോർട്ട്സ് കോംപ്ലക്സ്

(സി) പ്രസ്തുത പദ്ധതികൾക്കായി കായിക യുവജനകാര്യാലയത്തിൽനിന്ന് 16.11 കോടി രൂപയും സ്പോർട്ട്സ് കൗൺസിലിൽ നിന്ന് 5 കോടി രൂപയും ആകെ അനുവദിച്ചിരുന്നു. ഇതിൽ 6,66,43,045 രൂപ ചെലവഴിച്ചിരുന്നില്ല.

കൊല്ലം ഹോക്കി കോർട്ട്

257 (1962) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഹോക്കി കോർട്ടിന്റെ സംരക്ഷണവും നടത്തിപ്പും നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്വം ആരെയെങ്കിലും ഏല്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർട്ട് പരിശീലനത്തിന് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ പരിപാലനം സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിലെ പരിശീലന പദ്ധതികൾ സ്പോർട്ട്സ് കൗൺസിൽ ആവിഷ്കരിച്ചു വരുന്നു.

നാഷണൽ ഗെയിംസിനുള്ള ചെലവും തുടർനടപടികളും

258 (1963) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുവച്ച് അടുത്ത കാലത്തു നടന്ന നാഷണൽ ഗെയിംസിന്റെ ആകെ ചെലവ് എത്ര ;

(ബി) ഇതിൽ സംസ്ഥാന സർക്കാർ വിഹിതം എത്ര ; കേന്ദ്ര സർക്കാർ വിഹിതം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly